11

# മുൻപ് പറഞ്ഞിട്ടില്ലാത്ത ശ്രേഷ്ഠമായ സംഭവത്തിന് അടുത്തത്

മുൻപ് *പറഞ്ഞിട്ടില്ലാത്ത കഥ* എന്ന തലക്കെട്ടോടു കൂടി ക്രിസ്തുവിന്റെ ജീവചരിത്രത്തെ ആധാരമാക്കി ഒരു ചലിക്കുന്ന നിർമ്മാതാക്കൾ 1965-ൽ ഒരു സിനിമ ഇറക്കി. അതു ക്രിസ്തുവിന്റെ ജനനത്തോടെ തുടങ്ങി, ഭൗമിക ശുശ്രൂഷ, തള്ളിക്കളയൽ, ക്രൂശിൽ തറെക്കൽ, അടക്കം, ഉയിർപ്പ് എന്നിവ എല്ലാം അതിൽ പറയുന്നുണ്ട്. യേശുവിനെ വരച്ചുകാണിക്കുന്നതിൽ സിനിമാ നിർമ്മാതാവു ദൈവിക രേഖയായ ബൈബിളിനോട് വിശ്വസ്തത കാണിച്ചില്ലെങ്കിലും, അതിന്റെ തലക്കെട്ട് ആയ മുൻപു പറഞ്ഞിട്ടില്ലാത്ത കഥയാണ് യേശുവിന്റെ ജീവിതം എന്നതും അതു ശ്രേഷ്ഠമാണെന്നും ഓർമ്മിക്കത്തെക്കതാണ്.

യേശുവിന്റെ ജനനം, ജീവിതം, മരണം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയാണ് മുമ്പ് പറഞ്ഞിട്ടില്ലാത്ത വലിയ കഥയെങ്കിൽ, ഈ ശ്രേഷ്ഠമായ സംഭവത്തിനുശേഷമുള്ള കഥ എന്താണ്? പുതിയ നിയമത്തിലെ പ്രവൃത്തികളുടെ പുസ്തകം വായിച്ചാൽ അതിനു

ളള ഉത്തരം കിട്ടും: മുൻപുപറഞ്ഞിട്ടില്ലാത്ത രണ്ടാമത്തെ വലിയ സംഭവം കർത്താവിന്റെ സഭയുടെ സ്ഥാപനമാണ്.

ദൈവരാജ്യം, സഭ, വരുന്നതിനെ സംബന്ധിച്ച സംഭവം, ഒരാൾ പ്രതീക്ഷിക്കുന്നതുപോലെ ഉയർന്ന സാഹസിക ആവേശം ഉണർത്തുന്നതാണ് - ഇതു തുടങ്ങുന്നത് പ്രവൃത്തികളുടെ പുസ്തകത്തിലെ ഒരദ്ധ്യായത്തിലാണ് - പ്രവൃത്തികൾ 2.

പ്രവൃത്തികളിലെ ഈ അദ്ധ്യായം നമുക്ക് ഒന്ന് പുന: പരിശോധന നടത്താം. ഈ അദ്ധ്യായം ഒരു പുസ്തകം മുഴുവനുമാണോ അതോ പൂർണ്ണ സംഭവമാണോ എന്നു നോക്കാം. ഇതു നമ്മെ സംഭവത്തെ നിർബന്ധിക്കുന്നതിനും ദൈവശ്വാസിയവുമായ ഭാഗങ്ങളായി വിഭാഗിക്കാൻ നമ്മെ അനുവദിക്കുന്നു. പുസ്തകത്തിലെ ഓരോ അദ്ധ്യായവും *മുൻപു പറഞ്ഞിട്ടില്ലാത്ത സംഭവത്തിനടുത്ത്* സഭയുടെ സ്ഥാപനമാണെന്ന് ആവേശകരമായി അവതരിപ്പിക്കുന്നു.

## അദ്ധ്യായം ഒന്ന്:
## "ദൈവിക പകരൽ"

നാം പുസ്തകം തുടങ്ങുമ്പോൾ, ആദ്യത്തെ അദ്ധ്യായം തുറന്നാൽ, അതിന്റെ തലവാചകം "ദൈവിക പകരൽ" എന്നു കാണാം.

പ്രവൃത്തികളുടെ പുസ്തകം എഴുതിയ, ലൂക്കൊസ്, പറഞ്ഞു, "പെന്തെകൊസ്തുനാൾ വന്നപ്പോൾ, എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു" (2:1). സംഭവം നടക്കുന്നത്, അതുകൊണ്ട്, ചരിത്ര നഗരമായ യെരുശലേമിൽ പെന്തെക്കൊസ്തു നാളിൽ ആണ്. യെശയ്യാവ് (യെശയ്യാവ് 2:2-4) ഉം മീഖാ (മീഖാ 4:1-3) ഉം പ്രവചിക്കുന്നതു "ആദ്യകാലത്തു" യെരുശലേമിൽ നിന്നാണ് യഹോവയുടെ വചനം പുറപ്പെടുന്നത് എന്നാണ്. വിളവെടുപ്പ് ആഘോഷിക്കുന്ന ഒരു പഴയനിയമ ഉത്സവമായിരുന്നു പെന്തെകൊസ്തു നാൾ (പുറപ്പാട് 23:16). ഈ പ്രധാന പഴയനിയമ ഉത്സവം ആചരിക്കുന്നതിനു റോമാ സാമ്രാജ്യത്തിലുള്ള എല്ലാ യെഹൂദപുരുഷന്മാരും, കുടുംബമായി യെരുശലേമിൽ വരിക പതിവായിരുന്നു.

പെന്തെക്കൊസ്തു നാളിൽ പെരുന്നാൾ അതിന്റ പാരമ്യത്തിലെത്തിയപ്പോൾ അസാധാരണമായ ചിലതു സംഭവിച്ചു:

> പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴു

> വനും നിറെച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി, അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നൽകിയതുപോലെ, അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (പ്രവൃത്തികൾ 2:2-4).

പരിശുദ്ധാത്മാവു പകരൽ ലഭിക്കേണ്ടതു അപ്പൊസ്തലന്മാർക്കു മാത്രമായിരുന്നു. പ്രവൃത്തി 2-ലെ സന്ദർഭവും പ്രവൃത്തി 2നു മുൻപുള്ള പശ്ചാത്തലവും അതാണ് വ്യക്തമാക്കുന്നത്. ആദ്യം, 2:1-ൽ പറയുന്ന "അവർ" അർത്ഥമാക്കുന്നതു പ്രവൃത്തി 1:26-ൽ പറഞ്ഞിരിക്കുന്ന "പതിനൊന്ന് അപ്പൊസ്തലന്മാരാണ്." കഥ ആരംഭിക്കുമ്പോൾ കേന്ദ്രീകരിക്കുന്ന ആകർഷണം അപ്പൊസ്തലന്മാരാണ് രണ്ടാമത്, പരിശുദ്ധാത്മ സ്നാനം (പ്രവൃത്തികൾ 2:1-21) അപ്പൊസ്തലന്മാർക്കല്ലാതെ മറ്റാർക്കും ലഭിക്കുന്ന സൂചനയില്ല. വ്യത്യസ്ത ഭാഷകളിൽ അപ്പൊസ്തലന്മാർ സംസാരിച്ചതിനു സാക്ഷ്യം വഹിച്ച പുരുഷാരം, അപ്പൊസ്തലന്മാർ മാത്രമാണ് ആത്മസഹായത്താൽ അന്യഭാഷകളിൽ സംസാരിച്ചതെന്നു തിരിച്ചറിയുകയും സമ്മതിക്കയും ചെയ്തു (പ്രവൃത്തികൾ 2:7).

ഈ പകരലിനു മൂന്നുവർഷങ്ങൾക്കു മുൻപു ക്രിസ്തു അപ്പൊസ്തലന്മാരെ എങ്ങനെ പരിശുദ്ധാത്മാവു കൊണ്ട് സ്നാനം കഴിപ്പിക്കുമെന്ന് മുന്നറിയിച്ചിരുന്നു. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ, യോഹന്നാൻ സ്നാപകൻ പറഞ്ഞു, "ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏൽപിക്കുന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനോ എന്നേക്കാൾ ബലവാനാകുന്നു. അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പ്പിക്കും" (മത്തായി 3:11) സ്വർഗ്ഗാരോഹണത്തിനു തൊട്ടു മുൻപു, ക്രിസ്തു അപ്പൊസ്തലന്മാരോടു പറഞ്ഞു, "യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു" (പ്രവൃത്തികൾ 1:5). താൻ അവരെ വിട്ടു പിരിയുമ്പോൾ ക്രിസ്തു അപ്പൊസ്തലന്മാരോട്, എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും, നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നു പറഞ്ഞു (ലൂക്കൊസ് 24:46-49; പ്രവൃത്തികൾ 1:4). ഇപ്പോൾ, പെന്തെക്കൊസ്തു നാളിൽ രാവിലെ അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവിനെ പകർന്നു കൊടുത്തു,

പരിശുദ്ധാത്മാവു വരുന്നതിനെ കുറിച്ചു കർത്താവു അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്തതെല്ലാം നിറവേറി.

സ്വർഗ്ഗത്തിൽ നിന്നു പരിശുദ്ധാത്മാവിനെ പകർന്നുകൊടുത്തപ്പോൾ, ചിലതു കേട്ടു: "... പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതു പോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി, ..." (പ്രവൃത്തികൾ 2:2). ചിലതു കാണപ്പെടുകയും ചെയ്തു: "അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു" (പ്രവൃത്തികൾ 2:3). ചിലതു അനുഭവപ്പെടുകയും ചെയ്തു: ആത്മാവു വരുന്നതു ആളുകൾ കാണുവാനിടയായതു അപ്പൊസ്തലന്മാർ അന്യഭാഷകളിൽ ആത്മാവ് ഉച്ചരിപ്പാൻ നല്കിയതുപോലെ സംസാരിക്കാൻ തുടങ്ങിയപ്പോഴാണ്. അപ്പൊസ്തലന്മാർ സംസാരിച്ചതു മാനുഷികഭാഷയായിരുന്നു എന്നതിൽ സംശയമില്ല കാരണം കൊടിയ കാറ്റടിക്കുന്നതുപോലെ ശബ്ദം കേട്ട് ഓടികൂടിയവരോടാണ് അവർ സംസാരിച്ചത്. അവരുടെ സ്വന്തഭാഷകളിലായിരുന്നു, അപ്പൊസ്തലന്മാർ സംസാരിച്ചത് അവർ കേട്ടത്. അവർ ഉപയോഗിച്ചത് ഗ്രീക്കു വാക്കുകളായിരുന്നു. അതു തർജ്ജിമ ചെയ്തതു *ഡയാലെക്ടോസ്* എന്ന വാക്കിൽ നിന്നുമാണ് (തർജ്ജിമ ചെയ്തവാക്ക് "ഭാഷ" എന്നാണ്; പ്രവൃത്തി 2:6, 8) എന്നും *ഗ്ലോസായിസ്* (തർജ്ജിമ "ഭാഷകൾ" എന്നുമാണ്; പ്രവൃത്തികൾ 2:11).

പരിശുദ്ധാത്മാവു കൊണ്ട് അപ്പൊസ്തലന്മാരെ സ്നാനപ്പെടുത്തിയതിന് മൂന്നു ദൈവിക ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത്, ദൈവശ്വാസിയതക്കു വേണ്ടി അവരെ പരിശുദ്ധാത്മാവു കൊണ്ടു സ്നാനപ്പെടുത്തി. പരിശുദ്ധാത്മാവു അവരെ ദൈവശ്വാസിയരാക്കിക്കൊണ്ട് ദൈവിക സന്ദേശം ലോകം മുഴുവൻ എത്തിക്കുവാനിടയാകും. ക്രിസ്തു അപ്പൊസ്തലന്മാരോടു വാഗ്ദാനം ചെയ്തു, "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ, നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും, ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26). ഇപ്പോൾ, ആത്മാവു വന്നപ്പോൾ, ക്രിസ്തുവിന്റെ ദൈവശ്വാസിയ വാഗ്ദാനം അവന്റെ അപ്പൊസ്തലന്മാർ തിരിച്ചറിയും.

രണ്ടാമതു, അവർ പരിശുദ്ധാത്മാവുകൊണ്ടു സ്നാനമേറ്റതു അവർ സംസാരിച്ച സന്ദേശം ദൈവത്തിന്റേതാണെന്നു ഉറപ്പിക്കുന്നതിനും വേണ്ടിയായിരുന്നു. അവർക്കു അത്ഭുതങ്ങളും, അടയാള

ങ്ങളും ചെയ്യുവാൻ ശക്തി ലഭിച്ചു. അതിനാൽ അവർ സംസാരിച്ച സന്ദേശം, തെളിയിച്ച്, ഉറപ്പിച്ചു. ക്രിസ്തു വാഗ്ദാനം ചെയ്തതു, “വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമ ത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാ രിക്കും, സർപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല, രോഗികളുടെ മേൽ കൈവെച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു” (മർക്കൊസ് 16:17, 18). ഈ വാഗ്ദാനം അപ്പൊസ്തലന്മാർ അത്ഭുത ങ്ങൾ ചെയ്തു വചനത്തെ ഉറപ്പിച്ച് അവർ ദൈവത്താൽ അയക്ക പ്പെട്ടവരാണെന്നു തെളിയിച്ചപ്പോൾ നിറവേറി. ഈ വാഗ്ദാന നിവർത്തീകരണം ആത്മാവിനാൽ നടന്നു എന്നു പ്രവൃത്തി 14:3-ലെ ചിത്രീകരണത്തിൽ കാണാം: “എന്നാൽ അവർ വളരെ ക്കാലം അവിടെ പാർത്തു, കർത്താവിൽ ആശ്രയിച്ചു പ്രാഗത്ഭ്യ ത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു, അവൻ തന്റെ കൃപയുടെ വച നത്തിനു സാക്ഷി നിന്നു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നൽകി.”

മൂന്നാമത്, അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവു കൊണ്ട് സ്നാന മേറ്റത് അവരുടെ കൈവെപ്പിനാൽ മറ്റു ക്രിസ്ത്യാനികൾക്കു അത്ഭു തവരങ്ങൾ ലഭിക്കേണ്ടതിനായിരുന്നു. ഇത്തരത്തിൽ ശക്തി നൽകുന്ന ഉദാഹരണം പ്രവൃത്തി 8:14-24-ൽ കാണാം: പത്രൊസും യോഹന്നാ നും, രണ്ട് അപ്പൊസ്തലന്മാർ, യെരുശലേമിൽ നിന്നു ശമര്യയിലേക്കു പോയി. അവിടെ ഫിലിപ്പൊസ് സുവിശേഷം പ്രസംഗിച്ചതിന്റെ ഫല മായി പുതിയ പരിവർത്തകർ ഉണ്ടായി. അവർക്കു വേണ്ടി പ്രാർത്ഥി ക്കുന്നതിനും അവരുടെ മേൽ കൈവെച്ചു അവർക്കു പരിശുദ്ധാ ത്മാവിന്റെ അത്ഭുത വരങ്ങൾ പകർന്നു കൊടുക്കേണ്ടതിനുമായി രുന്നു അവർ പോയത്.

“മുൻപു പറഞ്ഞിട്ടില്ലാത്ത കഥയ്ക്ക് അടുത്തത്” ആരംഭിക്കു ന്നത് നിങ്ങൾക്കും എനിക്കും എന്തർത്ഥമാണ് ഉളവാക്കുന്നത്? അതി നർത്ഥം പുതിയ നിയമത്തിൽ കാണുന്ന വെളിപ്പാട് ദൈവശ്വാസിയ പുരുഷന്മാരാലാണ് നമുക്ക് നൽകിയത്. പുതിയ നിയമസന്ദേശം കൃത്യവും തെറ്റു പറ്റാത്തതും ആണെന്നു നമുക്കു വിശ്വസിക്കാം. പരിശുദ്ധാത്മസ്നാനത്താൽ ദൈവം തന്റെ അപ്പൊസ്തലന്മാരെ ശക്തീകരിച്ചു; അപ്പൊസ്തലന്മാർ, തിരിച്ച്, കൈവെപ്പിനാൽ, മറ്റു ക്രിസ്ത്യാനികൾക്കു പരിശുദ്ധാത്മാവിന്റെ അത്ഭുത വരങ്ങൾ നൽകി. അങ്ങനെ എല്ലാ പുതിയനിയമ എഴുത്തുകാരും ആത്മാവിനാൽ -

നയിക്കപ്പെട്ട ദൈവശ്വാസിയ പുരുഷന്മാരായിരുന്നു. അതുകൊണ്ട് പുതിയ നിയമം മനുഷ്യർക്കുള്ള ദൈവത്തിന്റെ വെളിപ്പാടാണെന്നു ഉറച്ചു വിശ്വസിക്കാം.

## അദ്ധ്യായം രണ്ട്:
## "ശക്തമായ പ്രസംഗം"

*മുൻപു പറഞ്ഞിട്ടില്ലാത്ത കഥക്കടുത്തതിൽ* രണ്ടാം അദ്ധ്യായത്തിലെ വിഷയം "ശക്തമായ പ്രസംഗം" എന്നാണ്. സഭ സ്ഥാപിക്കപ്പെട്ട ദിവസം പ്രസംഗത്തിന്റേയും ദിവസം ആയിരുന്നു. ഉടനെ, അപ്പൊസ്തലന്മാരെല്ലാം സ്പഷ്ടമായി വന്നുകൂടിയ ദേശക്കാരുടെ ഭാഷകളിൽ അവരോട് "ദൈവത്തിന്റെ വൻകാര്യങ്ങളെ" പ്രസ്താവിച്ചു (പ്രവൃത്തികൾ 2:11). പിന്നെ പത്രൊസ് പതിനോരുവരോടു കൂടെ നിന്നുകൊണ്ട് വിശദമായ പ്രസംഗം നടത്തി, ഒരു പക്ഷെ അവരോട് സംസാരിച്ചത്, അന്നത്തെ സാർവ്വദേശീയ ഭാഷയായ ഗ്രീക്കിലായിരിക്കാം. യേശു കർത്താവും ക്രിസ്തുവുമായിരുന്നു എന്നു പ്രസ്താവിച്ചു (പ്രവൃത്തികൾ 2:14).

കൊടിയ കാറ്റടിക്കുന്ന ശബ്ദം കേട്ട് ഓടി കൂടിയ ആളുകൾ യെഹൂദന്മാരായിരുന്നു, അസാധാരണ ശക്തിയുള്ള ഒരു സദസിനെയാണ് ആദ്യ സുവിശേഷ പ്രസംഗം കേൾക്കുവാൻ കൊടുത്തത്. അവർ ബുദ്ധിശക്തിയുള്ളവരായിരുന്നു. അവർ ദൈവത്തിൽ വിശ്വസിക്കുന്നവരും പഴയനിയമം അറിയാവുന്നവരും ആയിരുന്നു. സുവിശേഷ സന്ദേശം സ്വീകരിക്കുന്നതിനു അവരുടെ മനസുകൾ തയ്യാറായിരുന്നു. ക്രിസ്തുവിനെ അനേകദേശങ്ങളിൽ എത്തിക്കുവാനുള്ള അവസരവും അവർക്കുണ്ടായിരുന്നു: അവർ റോമാ സാമ്രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും വന്നവരായിരുന്നു. സുവിശേഷം കൈക്കൊണ്ട ഈ ആളുകളാൽ ക്രിസ്ത്യാനിത്വം പെട്ടെന്നു വ്യാപിക്കുവാൻ കൂടെ അവസരം ഒരുക്കി. അവർ പിന്നീട് സ്വദേശങ്ങളിലേക്കു സുവിശേഷവുമായി പോയി.

ദൈവശ്വാസിയമായി, പത്രൊസ് പ്രസംഗിച്ച പ്രസംഗത്തിന്റെ ചുരുക്കം ലൂക്കൊസ് നമുക്ക് നൽകിയിട്ടുണ്ട് (പ്രവൃത്തികൾ 2:14-36). ഈ പ്രധാനപ്പെട്ട കാഴ്ചപ്പാട് പത്രൊസിന്റെ പ്രസംഗത്തിന്റെ രൂപരേഖ രണ്ടോ അല്ലെങ്കിൽ മൂന്നു വിധത്തിൽ എടുക്കാം; പക്ഷെ നമുക്കു ഔപചാരികമായി മൂലകങ്ങൾ വെച്ചുകൊണ്ട് അതിന്റെ മുഖവുര, സന്ദേശം, സംസാര രീതി, ഉപസംഹാരം എന്നിവ എടുത്തു രൂപരേഖയാക്കാം.

തന്റെ സദസ്യർ എവിടെ ആയിരുന്നുവോ അവിടെയാണ് പത്രോസ് പ്രസംഗം ആരംഭിച്ചത്. ചിലർ പരിഹസിച്ചുകൊണ്ട് പറഞ്ഞു, “അവർ പുതുവീഞ്ഞു കുടിച്ചിരിക്കുന്നു” (പ്രവൃത്തികൾ 2:13). സുവിശേഷ പ്രാസംഗികർക്ക് നല്ല കീർത്തി കൂടാതെ മുൻപോട്ട് ഗമിക്കാൻ സാദ്ധ്യമല്ല. വിശ്വാസയോഗ്യമായ സ്വഭാവവും വിശ്വസ്തതയിലുള്ള കീർത്തിയും ഒരു ഉപദേഷ്ടാവിന് ഇല്ലെങ്കിൽ താൻ സംസാരിക്കുന്നതിനു വായ് തുറക്കും മുമ്പ് തന്നെ പരാജയവും നാശവും നേരിടും. അയാൾ എത്ര പ്രാഗത്ഭ്യത്തോടെ സുവിശേഷം അവതരിപ്പിച്ചാലും അയാൾ വിശ്വസിക്കപ്പെടുകയോ ബഹുമാനിക്കപ്പെടുകയോ ഇല്ല.

പിന്നെ, അപ്പൊസ്തലന്മാർക്കെതിരെ ഉയർന്ന ആരോപണങ്ങൾക്കു പ്രസംഗത്തിൽ മറുപടി വന്നതിൽ, അതിശയിക്കേണ്ട. അവരുടെ തെറ്റിദ്ധാരണക്കു പ്രതികരണമായി രണ്ടു സത്യവസ്തുതകൾ അവൻ നിരത്തുന്നു: ഒന്ന്, അതെന്തെല്ലാം എന്നു പറയുന്നു. അവരുടെ സാമാന്യ ബുദ്ധി ഉപയോഗിക്കാൻ അപേക്ഷിക്കുന്നു. അവൻ പറഞ്ഞു, “നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ ലഹരിപിടിച്ചവരല്ല, പകൽ മൂന്നാം മണി നേരമേ ആയിട്ടുള്ളുവല്ലോ” (പ്രവൃത്തികൾ 2:15) “വിവരണം ലഹരിയാലാവരുത്, കാരണം പ്രധാന ദിവസമായ പെന്തെകൊസ്തു നാളിൽ സാധാരണ യെഹൂദന്മാർ മദ്യപിക്കാറില്ല. സാമാന്യ ബുദ്ധി പറയും ഞങ്ങൾ ലഹരി പിടിച്ചവരല്ലെന്ന്.” രണ്ടാമത്, അതെന്തായിരുന്നു എന്ന് പത്രൊസ് പറയുന്നു അവരെ തിരുവെഴുത്തിലേക്കു ക്ഷണിച്ചു കൊണ്ടു പറഞ്ഞു, “ഇതു യോവേൽ പ്രവാചകൻ മുഖാന്തരം അരുളിചെയ്തതത്രെ” (പ്രവൃത്തികൾ 2:16). പിന്നെ അവൻ യോവേൽ 2:28-32-ൽ പ്രവചിച്ചത് ഉദ്ധരിച്ചു (പ്രവൃത്തികൾ 2:17-21). അതുകൊണ്ട് പെന്തെകൊസ്തു നാളിൽ നടന്ന പരിശുദ്ധാത്മാവു പകരൽ, ഭാഗികമായെങ്കിലും, യോവേലിന്റെ പ്രവചനം “അന്ത്യകാലം” എന്നു വിളിച്ചിരിക്കുന്ന ആ കാലത്തിന്റെ തുടക്കത്തിൽ നിറവേറ്റിയതായി പറയാം. നമുക്കു അതിനെ സംബന്ധിച്ചു പത്രൊസിന്റെ വാക്ക് ഉണ്ട്. അവന്റെ വാക്കുകൾ, “ഇതു യോവേൽ പ്രവാചകൻ മുഖാന്തരം സംസാരിച്ചതത്രേ” എന്നാണ്, ഈ ചോദ്യത്തിനുള്ള മുഴുവനായ അന്തിമ ഉത്തരം അതാണ്.

ഈ പരിശുദ്ധാത്മാവ് പകരൽ “അന്ത്യകാലത്തിൽ” തുടങ്ങി. അപ്പൊസ്തലന്മാർ പരിശുദ്ധാത്മ സ്നാനത്താൽ ശക്തി പ്രാപിച്ചു, അത്ഭുത കാലവും സഭയുടെ ആരംഭവും നടക്കുന്നു. പിന്നീട് പ്രവൃ

ത്തികളുടെ പുസ്തകത്തിൽ, അപ്പൊസ്തലന്മാർ മറ്റു ക്രിസ്ത്യാനികളുടെ മേൽ കൈവെച്ചു, പുത്രന്മാരും പുത്രിമാരും പ്രവചിച്ചു, യവനക്കാർ ദർശനങ്ങൾ ദർശിച്ചു, വൃദ്ധന്മാർ സ്വപ്നങ്ങൾ കണ്ടു, ദാസന്മാരും ദാസിമാരും പ്രവചിച്ചു (പ്രവൃത്തികൾ 6:6; 8:4-8, 14-24; 21:8, 9). അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവു പകർന്നതു ക്രിസ്ത്യാനിത്വത്തിന്റെ പ്രാരംഭഘട്ടത്തിൽ അത്ഭുത പ്രവാഹമായിരുന്നു. പുതിയ നിയമം പൂർണ്ണരൂപത്തിൽ എഴുതുന്നതുവരെ അപ്പൊസ്തലന്മാരുടെ കൈവെപ്പു ലഭിച്ചവരിൽ കൂടെ സഭയുടെ ശൈശവ ദിശയിൽ ദൈവം പ്രവർത്തിപ്പിച്ചു. പുതിയ നിയമം പൂർണ്ണ രൂപത്തിൽ എഴുതപ്പെടുകയും, അപ്പൊസ്തലന്മാരും അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിച്ചവരും മരിച്ചതോടെ പ്രാരംഭഘട്ടത്തിൽ ഉണ്ടായിരുന്ന അത്ഭുതങ്ങൾ നിൽക്കയും പിന്നെ ആത്മാവ് എഴുതപ്പെട്ട പുതിയ നിയമ വചനം മുഖാന്തരം സഭയെ നയിക്കുകയും ചെയ്യുന്നതു തുടരുന്നു.

പത്രൊസിന്റെ മുഖവുരയിൽ, പിന്നെ, ആ സംഭവം എന്തെല്ലാം എന്നും, എന്തായിരുന്നു എന്നും വ്യക്തമാക്കി. അവൻ അവരുടെ സാമാന്യ ബുദ്ധിയെ നോക്കുവാൻ പറഞ്ഞു, പിന്നെ തിരുവെഴുത്തിലേക്കു വരുവാനും അപേക്ഷിച്ചു. അവൻ തന്റെ സദസ്യർ എവിടെയായിരുന്നുവോ അവിടെ അവൻ ആരംഭിക്കയായിരുന്നു. അവിടെ നിന്നു യേശു മശിഹ തന്നെ എന്ന തെളിവിലേക്കു അവരെ എത്തിക്കുന്നു.

യേശു, ക്രിസ്തു തന്നെ എന്നു വിശ്വസിക്കുന്നതിനുള്ള വ്യത്യസ്ത തെളിവുകൾ നിരത്തിയിരിക്കയാണ് പത്രൊസിന്റെ പ്രസംഗത്തിലെ മുഖ്യ ഭാഗത്ത്. ആയിരക്കണക്കിന് സദസ്യരുടെ മദ്ധ്യത്തിലേക്കു പ്രസംഗിക്കുവാൻ നിങ്ങളെ ക്ഷണിച്ചാൽ യേശു, ക്രിസ്തുവാണെന്നു തെളിയിക്കുവാൻ എന്തെല്ലാമാണ് നിങ്ങളുടെ ലിസ്റ്റിൽ ഉണ്ടായിരിക്കുക? പത്രൊസ് നല്കിയ തെളിവുകൾ ആദ്യം നോക്കിയിട്ട് പിന്നെ നമ്മുടെ ലിസ്റ്റ് പരിശോധിക്കാം.

ആവർത്തനം ഒഴിവാക്കുമ്പോൾ, പത്രൊസ് അഞ്ചു തെളിവുകൾ നിരത്തുന്നത്. ഒന്ന്, *യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങൾ തെളിവായി ചൂണ്ടിക്കാട്ടി.* അവൻ പറഞ്ഞു, "... യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടുകൊൾവിൻ. നിങ്ങൾ തന്നേ അറിയും പോലെ ദൈവം അവനെക്കൊണ്ട് നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് ദൈവം നിങ്ങൾക്കു കാണിച്ചു തന്നു -" (പ്രവൃത്തികൾ 2:22). ക്രിസ്തു

ദൈവത്തിൽ നിന്നു വന്നതാണെന്നു നിക്കൊദേമോസിനു ബോധ്യമായതു അത്ഭുതങ്ങളുടെ സാക്ഷ്യത്താലായിരുന്നു. രാത്രിയിൽ അവൻ ക്രിസ്തുവിന്റെ അടുക്കൽ വന്നപ്പോൾ പറഞ്ഞു, "റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന അടയാളങ്ങൾ ചെയ്‌വാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു" (യോഹന്നാൻ 3:2). മുഴുവനും വിശ്വസിക്കാവുന്ന വിവരങ്ങൾ, ത്യജിക്കാനാകാത്ത വിശ്വസനീയമായ രേഖ, നമ്മോട് പറയുന്നത് ക്രിസ്തു ചെയ്ത അത്ഭുതങ്ങൾ വാസ്തവമായിരുന്നു എന്നാണ്, യേശുക്രിസ്തുവിന്റെ അത്ഭുതങ്ങളെ സാക്ഷീകരിച്ചുള്ള പ്രതികരണം - പ്രത്യേകമായി നിക്കോദേമോസിന്റേത് അനുസരിച്ചു ക്രിസ്തു ദൈവത്തിൽ നിന്നുവന്നതാണെന്നു വിശ്വസിക്കാൻ നാം നിർബ്ബന്ധിതരാകുന്നു. ദൈവം വചനമായ, ബൈബിൾ, ഭൂമിയിൽ വെച്ചു ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെ ഉറവിടം സാക്ഷീകരിക്കുന്നതു ക്രിസ്തു ചെയ്ത അത്ഭുതങ്ങൾ വാസ്തവത്തിലുള്ള "അംഗീകരിക്കപ്പെട്ടവൻ" ആയിരുന്നു, താൻ ചെയ്ത അത്ഭുതങ്ങളാൽ അവൻ ദൈവത്തിന്റെ പുത്രൻ എന്ന് ഉറപ്പിച്ചു. ക്രിസ്തു ചെയ്ത അത്ഭുതങ്ങൾ പത്രൊസ് തന്റെ സദസ്യർക്ക് ഓർമ്മപ്പെടുത്തുകയും അവനെ സ്വീകരിക്കേണ്ട ആവശ്യകത യുക്തിസഹജമായി ഊന്നി പറയുകയും ചെയ്തു.

രണ്ടാമത്, ഉയിർത്തെഴുന്നേൽപിന്റെ തെളിവ് പത്രൊസ് തന്റെ സദസിനു മുൻപിൽ വെച്ചു അവൻ പറഞ്ഞു,

> നസറായനായ, യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏൽപിച്ചിട്ട്, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചു കൊന്നു; ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ട് അവനെ ഉയിർത്തെഴുന്നേൽപ്പിച്ചു മരണം അവനെ പിടിച്ചുവെക്കുന്നതു അസാദ്ധ്യമായിരുന്നു (പ്രവൃത്തികൾ 2:23, 24).

എല്ലാ അപ്പൊസ്തലന്മാരുടേയും പ്രസംഗങ്ങളിലെ മുഖ്യവിഷയമായിരുന്നു ഉയിർത്തെഴുന്നേൽപ്പ്. യഹൂദന്മാർക്കു ഉത്തരമില്ലാത്ത വാദഗതിയായിരുന്നു അത്. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ് ഭീരുക്കളെ ധൈര്യശാലികളും ധൈര്യശാലികളെ ഭീരുക്കളും ആക്കി. യെഹൂദന്മാർ, ധൈര്യത്തോടെ പിലാത്തോസി

നോട് നിലവിളിച്ചു പറഞ്ഞു, "അവനെ ക്രൂശിക്ക" (മത്തായി 27:22). ശൂന്യമാക്കപ്പെട്ട കല്ലറയിലെ സത്യത്തിനു മുൻപിൽ അവർ ഭയചകിതരായി. ക്രിസ്തുവിനെ വിചാരണ ചെയ്തപ്പോൾ ഭയത്തോടെ "ഞാൻ ആ മനുഷ്യനെ അറിയുന്നില്ല" എന്നു പറഞ്ഞ പത്രൊസ് (മത്തായി 26:72). അവന്റെ ഉയിർത്തെഴുന്നേൽപ്പ് ധൈര്യത്തോടെ പ്രസ്താവിക്കുന്നു. അതും ശൂന്യമാക്കപ്പെട്ട കല്ലറക്കധികം ദൂരെയല്ലാതെ തിങ്ങിനിറഞ്ഞ സദസിനോടാണ് പ്രസംഗിച്ചതു.

യേശു ദൈവത്തിന്റെ പുത്രനാണെന്ന അന്തിമ തെളിവു നൽകുന്നതാണ് ഉയിർത്തെഴുന്നേൽപ്. അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റതു തള്ളിക്കളഞ്ഞാലേ ക്രിസ്തുവിന്റെ ദൈവികത്വത്തെ ത്യജിക്കാൻ സാധിക്കു. ഉയിർത്തെഴുന്നേൽപാണ് ക്രിസ്ത്യാനിത്വത്തിന്റെ പ്രത്യേകത. ലോകമത സ്ഥാപകരിൽ ക്രിസ്ത്യാനിത്വത്തിന്റെ സ്ഥാപകൻ മാത്രമാണ് മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റത്. അതു അവന്റെ അവകാശങ്ങൾ ശരിയാണെന്ന് ഉറപ്പിക്കുന്നു, അവന്റെ വാഗ്ദാനങ്ങൾ അധികാരമാക്കുകയും, അവന്റെ മതം സാധൂകരിക്കപ്പെടുകയും ചെയ്യുന്നു.

മൂന്നാമത്, പ്രവചനത്തിന്റെ തെളിവുമായിട്ടാണ് പത്രൊസ് വാദിച്ചത്. അവൻ സങ്കീർത്തനങ്ങൾ 16:8-11 വരെയുള്ള ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനെ വിവരിക്കുന്ന പ്രവചനം ഉദ്ധരിച്ചു:

> ഞാൻ കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ കണ്ടിരിക്കുന്നു; അവൻ എന്റെ വലഭാഗത്തു ഇരിക്കയാൽ ഞാൻ കുലുങ്ങിപ്പോകയില്ല, അതുകൊണ്ടു എന്റെ ഹൃദയം സന്തോഷിച്ചു; എന്റെ നാവു ആനന്ദിച്ചു, എന്റെ ജഡവും പ്രത്യാശയോടെ വസിക്കും. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാൺമാൻ സമ്മതിക്കയുമില്ല, നീ ജീവമാർഗ്ഗങ്ങളെ എന്നോട് അറിയിച്ചു; നിന്റെ സന്നിധിയിൽ എന്നെ സന്തോഷ പൂർണ്ണനാക്കും (പ്രവൃത്തികൾ 2:25-28).

ദാവീദ് തന്റെ പ്രവചനത്തിൽ, ഒന്നാം വ്യക്തിയായിട്ടാണ് പറഞ്ഞത്. അവൻ തന്നെക്കുറിച്ചു പറയുകയാണ് എന്നു തോന്നാം. ദാവീദ് തന്നെക്കുറിച്ചു പറയുന്നതെന്ന് രണ്ട് വസ്തുതകളാൽ പത്രൊസ് പറയുന്നു. ഒന്നാമത്, അവൻ പ്രവചനം നടത്തിയ, ദാവീദ് മരിച്ചു എന്നു സൂചിപ്പിച്ചു അവനെ അടക്കിയ കല്ലറ അന്നുവരെ ഉണ്ട്

എന്നും പറയുന്നു. അവന്റെ തെളിവായി, ദാവീദിന്റെ കല്ലറ യെരുശലേമിൽ സ്ഥിതിചെയ്യുന്നതു എല്ലാവർക്കും കാണാമായിരുന്നു (പ്രവൃത്തികൾ 2:29). രണ്ടാമത്, ദൈവം ദാവീദിനു വാഗ്ദാനം ചെയ്തതിനെ അവൻ ഓർപ്പിക്കുന്നു (പ്രവൃത്തികൾ 2:30). ദൈവം ദാവീദിനോട് പറഞ്ഞതു അവന്റെ പിൻഗാമികളിൽ ഒരാൾ അവന്റെ സിംഹാസനത്തിൽ ഇരിക്കും എന്നാണ് (2 ശമുവേൽ 1:12). ഈ വാഗ്ദാനം, ക്രിസ്തുവിൽ നിറവേറി എന്നു പത്രൊസ് പറഞ്ഞു, കാരണം ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചു (പ്രവൃത്തികൾ 2:31) അവനെ തന്റെ വലതുഭാഗത്തു ആത്മിയ സിംഹാസനത്തിൽ ഇരുത്തി. യേശു ദാവീദിന്റെ വംശാവലിയിൽ കൂടെയാണ് ഈ ലോകത്തിലേക്കു വന്നത്. ഇപ്പോൾ ദൈവത്തിന്റെ വലതുഭാഗത്തു ആത്മീയമായി സ്വർഗ്ഗത്തിൽ, രാജാവായി ഇരുന്നു അവന്റെ ഭൂമിയിലെ ആത്മീയ രാജ്യമായ സഭയെ വാഴുന്നു.

പത്രൊസ് ഇതേ വാദം സങ്കീർത്തനങ്ങൾ 110:1 തന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്ത് (പ്രവൃത്തികൾ 2:34, 35) ഉദ്ധരിച്ചിട്ടുണ്ട്. അവന്റെ പ്രവചന ഉദ്ധരണി (സങ്കീർത്തനങ്ങൾ 16:8–11; 110:1) തെളിയിക്കുന്നത് ദൈവത്താൽ അയക്കപ്പെട്ടവൻ ഉയിർത്തെഴുന്നേൽക്കയും, അവന്റെ ഉയർച്ചയും ഈ രണ്ടു പഴയ നിയമ പ്രവചനങ്ങളും നിറവേറി എന്നാണ്.

നാലാമത്, പത്രൊസ് *സാക്ഷികളുടെ തെളിവു* ഉപയോഗിച്ചു. അവൻ പറഞ്ഞു, “ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേൽപ്പിച്ചു, അതിനു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു” (പ്രവൃത്തികൾ 2:32). ഉയിർത്തെഴുന്നേൽപ്പിനെ കുറിച്ചുളള പത്രൊസ് സൂചിപ്പിച്ച പ്രവചനം യെഹൂദന്മാർ സമ്മതിക്കണമായിരുന്നു. യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്ന സാക്ഷികളുടെ മൊഴി ശക്തമായിത്തന്നെ സദസ്യർക്കു നൽകുകയാണ്. ഒരു സാക്ഷി ഉയർന്ന നിലവാരമുള്ള തെളിവാണ്. തന്റെ സാക്ഷ്യത്തിൽ വൈരുദ്ധ്യമില്ലാത്തിടത്തോളം സാക്ഷികളുടെ മൊഴിയും തന്റെ വചനത്തിൽ അവൻ ഉൾപ്പെടുത്തി. ഉയിർത്തെഴുന്നേൽപ്പ് കണ്ടവർ, അതിനു ശേഷം അവനെ തൊടുകയും, അവനോടൊപ്പം ഭക്ഷിക്കയും, പഠിക്കയും ചെയ്തു. അത്തരം സാക്ഷ്യം ആർക്കു നിഷേധിക്കാൻ പറ്റും?

അഞ്ചാമത്, പത്രൊസ് *പരിശുദ്ധാത്മാവു ഇറങ്ങിവന്ന തെളിവും* ചൂണ്ടി കാണിക്കുന്നു. അവൻ പറഞ്ഞു, “അവൻ ദൈവത്തിന്റെ

വലതു ഭാഗത്തേക്കു ആരോഹണം ചെയ്തു, പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നു തന്നു" (പ്രവൃത്തികൾ 2:33). സ്വർഗ്ഗത്തിലേക്കു പോകുന്നതിനു മുൻപ് ക്രിസ്തു, പിതാവിൽനിന്നുള്ള വാഗ്ദാനമായ പരിശുദ്ധാത്മാവിനെ അപ്പൊസ്തലന്മാരിൽ അയക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു (ലൂക്കൊസ് 24:46-49). പരിശുദ്ധാത്മാവു പകർന്നതു പുരുഷാരം കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ യേശു പിതാവിന്റെ വലതുഭാഗത്തേക്കു പോയതു ഉറപ്പിക്കുന്ന അത്ഭുതവും നടന്നു, പിതാവിൽ നിന്നു വാഗ്ദാനവും അവർക്കു ലഭിച്ചു, അപ്പൊസ്തലന്മാരിലേക്കു ആത്മാവും വന്നു.

ഈ അഞ്ചു നിര തെളിവുകൾ നിഷേധിക്കാൻ പറ്റാത്ത തീർപ്പ് സ്ഥിരീകരിച്ചു. പത്രൊസ് അന്തിമമായ വാക്കായ "അതുകൊണ്ട്" എന്നതിനാൽ അവരുടെ ശ്രദ്ധയെ ആകർഷിച്ചു. "പുതിയ നിയമത്തിൽ 'അതുകൊണ്ട്' എന്ന വാക്ക് കാണുമ്പോഴെല്ലാം അല്പം നിന്നു അതെന്താണെന്നു ശ്രദ്ധിച്ചാൽ, അങ്ങനെ പറയുന്നതിനു എപ്പോഴും ഒരു കാരണമുണ്ടാകും" എന്ന് ആരോ പറഞ്ഞിട്ടുണ്ട്. "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ" (പ്രവൃത്തികൾ 2:36). അവന്റെ അത്ഭുതങ്ങൾ, മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റത്, അവന്റെ പ്രവചന നിറവേറ്റൽ, സാക്ഷികളുടെ മൊഴികൾ, ആത്മാവു ഇറങ്ങിവരൽ എന്നിവ, യേശു ദൈവത്തിന്റെ വാഗ്ദാനം ആയ ക്രിസ്തുവാണെന്നും, കർത്താവാണെന്നും തെളിയിക്കുന്നു.

*മുൻപു പറഞ്ഞിട്ടില്ലാത്ത കഥക്കടുത്ത* അദ്ധ്യായം നമുക്ക് എന്താണ് അർത്ഥമാകുന്നത്? ഒരാൾ യേശു ക്രിസ്തുവാണെന്നു തെളിയിക്കുമ്പോൾ അയാൾ ക്രിസ്ത്യാനിത്വത്തിന്റെ വിശ്വാസ്യതയാണ് തെളിയിക്കുന്നത്. നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിക്കുകയും ഉയിർത്തെഴുന്നേൽക്കയും ചെയ്തു അവൻ ദൈവപുത്രൻ തന്നെ എന്നു പത്രൊസിനു അന്നു തെളിയിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ ക്രിസ്ത്യാനിത്വം തുടങ്ങിയ ദിവസം തന്നെ ഇല്ലാതാകുമായിരുന്നു!

## മൂന്നാം അദ്ധ്യായം:
## "ആഴത്തിൽ - തോന്നിയ നിലവിളി"

*മുൻപു പറഞ്ഞിട്ടില്ലാത്ത കഥക്കു* അടുത്തതിലെ മൂന്നാം അദ്ധ്യായം വിഷമം "ആഴത്തിൽ - തോന്നിയ നിലവിളി" എന്നതാണ്.

പത്രൊസിന്റെ പ്രസംഗം കേട്ടവരിൽ അനേകർ അഗാധമായി ഇളകി. അവർ മനസാക്ഷിയിൽ വികാരഭരിതരായി, "പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും നിലവിളിച്ചു, 'സഹോദരന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു?'" (പ്രവൃത്തികൾ 2:37). ഇംഗ്ലീഷിലെ കിം ജെയിംസ് വെർഷൻ പറയുന്നതു അവർ "ഹൃദയത്തിൽ കുത്തുകൊണ്ടു" എന്നാണ്. ഈ "കുത്തുകൊള്ളൽ" ഒരാളുടെ കയ്യിലോ വിരലിലോ മുള്ളോ, സൂചിയോ കുത്തുന്നതുപോലെയല്ലായിരുന്നു. ഏതാണ്ട് ഹൃദയഭേദകമായിരുന്നു അല്ലെങ്കിൽ ഹൃദയത്തിൽ കൂടെ ഒരമ്പ് കടന്നുപോയി എന്നു പറയുന്നതു പോലെയാണ്. ഇതേ പദപ്രയോഗം മറ്റൊരു സന്ദർഭത്തിൽ പ്രവൃത്തി 7:54-ൽ ഉപയോഗിച്ചിട്ടുണ്ട്: "ഇതു കേട്ടപ്പോൾ, അവർ കോപപരവശരായി, അവന്റെ നേരെ പല്ലുകടിച്ചു." ഈ സംഭവത്തിൽ സ്തെഫാനൊസിന്റെ പ്രസംഗത്തോട് യെഹൂദന്മാർ പ്രതികരിച്ചതു കോപത്തോടെയാണ്. അവരുടെ ഹൃദയങ്ങൾ കോപം കൊണ്ടു നിറഞ്ഞു; അവർ വിദ്വേഷമുള്ളവരായി. പത്രൊസിന്റെ പ്രസംഗത്തോട് പ്രസംഗിച്ചവർ, എങ്ങനെയായാലും, ബോധ്യമായതിനാൽ ആവേശമുള്ളതായി, അവർ കുറ്റബോധം നിറഞ്ഞവരായിരുന്നു.

ഒരു പക്ഷെ നിലവിളിച്ച ആളുകൾ വാസ്തവത്തിൽ പത്രൊസിന്റെ പ്രസംഗം തടസപ്പെടുത്തുകയായിരുന്നു. തടസങ്ങൾ എല്ലായ്പോഴും ആഗ്രഹിക്കുന്നതല്ല, എന്നാൽ ഇതു തീർച്ചയായും അനുഗ്രഹീത തടസമായിരുന്നു. ഒരു ഉപദേഷ്ടാവ് ഒരിക്കൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഒരു മനുഷ്യന് ആ പ്രസംഗത്തെ തടസപ്പെടുത്തി ചോദിച്ചു "എനിക്കു ഇപ്പോൾ സ്നാനം എൽക്കാമോ?" ഉപദേഷ്ടാവു നിർത്തി, ആ മനുഷ്യനെ നോക്കി, പറഞ്ഞു, "എന്റെ പ്രസംഗം നിർത്താം. നിങ്ങൾ സ്നാനപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, പ്രസംഗം നിർത്തി നിങ്ങളെ ക്രിസ്തുവിനോടു ചേരുവാൻ സ്നാനപ്പെടുത്തിയ ശേഷം നമുക്കു മടങ്ങിവന്ന്, എന്റെ പ്രസംഗം അവസാനിപ്പിക്കാം." ഇതുപോലെയുള്ള തടസങ്ങൾ അതിക്രമമല്ല, പ്രചോദനമായി കണക്കാക്കണം.

അവരുടെ ചോദ്യത്തിൽ ആവേശം നിറഞ്ഞിരുന്നു. അവർ താൽപര്യരഹിതമായി, "ഞങ്ങൾ എന്താണ് ചെയ്യുക?" എന്നല്ല ചോദിച്ചത്. "ലോകത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? ഞങ്ങൾ കുഴപ്പത്തിലാണ്. ഞങ്ങൾക്ക് എന്തെങ്കിലും പ്രത്യാശയുണ്ടോ?" അവർ എല്ലാ ഗൗരവത്തോടെയുമായിരുന്നു ആ ചോദ്യം ചോദിച്ചത്.

അവരുടെ ചോദ്യം ശ്രദ്ധിച്ചു നോക്കുക: "സഹോദരന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു?" അവർ തങ്ങളുടെ സഹയെഹൂദന്മാരെ സംബോധന ചെയ്യുന്നതാകകൊണ്ടാണ് "സഹോദരന്മാർ" എന്നു വിളിച്ചത്. അതൊരു മതപരമായ സംബോധനയല്ല, മറിച്ച് ദേശീയ സംബോധനയാണ്. അവർ ദൈവമുൻപാകെ ഭയങ്കരമായ അവസ്ഥയിലാണെന്ന് തിരിച്ചറിഞ്ഞു. മശിഹയെ ക്രൂശിൽ തറെപ്പിക്കുവാൻ അവരും പങ്ക് ചേർന്നിരുന്നു, ദൈവം അയച്ച രക്ഷകനെത്തന്നെ. പത്രൊസിന്റെ സദസ്യർക്കു മുൻപിൽ അവന്റെ പ്രസംഗം അവരുടെ പാപത്തെ വലിയ അക്ഷരത്തിൽ എഴുതിവെച്ചു (പ്രവൃത്തികൾ 2:23).

നിങ്ങളുടെ ജീവിതത്തിൽ അനേക ചോദ്യങ്ങൾ ചോദിക്കും ഉത്തരങ്ങൾ കിട്ടുകയും ചെയ്തിരിക്കാം, പക്ഷെ പുതിയ നിയമത്തിൽ ചോദിച്ച "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം?" എന്ന ചോദ്യം നിങ്ങൾ ചോദിച്ചിട്ടുണ്ടോ?. മറ്റുള്ളവർ പത്രൊസിന്റെ പ്രസംഗം കേട്ടിട്ട്, അത്ഭുതങ്ങൾ കണ്ടിട്ട് യാതൊരു കുറ്റബോധവും ഉദിക്കാതെ, ആ ചോദ്യം ചോദിക്കാതെ പൊയ്ക്കളഞ്ഞു. പാപം ഒരു വ്യക്തിയുടെ ജീവിതത്തിൽ ദു:ഖകരമാണ്. അതിനു മറുവില (ശമ്പളം) കൊടുക്കുവാൻ യേശു ക്രൂശിൽ മരിക്കേണ്ടതായി വന്നു. അതിലും വലിയ ദു:ഖമാണ്. ഒരാൾ തന്റെ കുറ്റബോധത്തിനെതിരായി ദൈവമുൻപാകെ ദൈവത്തിന്റെ പരിഹാരം സ്വീകരിക്കാതെ നൽക്കുമ്പോഴാണ് ഏറ്റവും വലിയ ദു:ഖം അനുഭവപ്പെടുക.

## അദ്ധ്യായം നാല്: "ദൈവശ്വാസിയ ഉത്തരം"

*മുൻപു പറഞ്ഞിട്ടില്ലാത്ത കഥക്കടുത്തതിലെ* നാലാം അദ്ധ്യായ വിഷയം "ദൈവശ്വാസിയ ഉത്തരം" എന്നാണ്. കുറ്റബോധം ഉളവായ സദസ്യരോട് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട, പത്രൊസ് ജനക്കൂട്ടത്തിന്റെ ചോദ്യത്തിനു തുറന്ന മറുപടിയാണ് കൊടുത്തത്: "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തി

നായി ഓരോരുത്തർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38).

തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപു, മഹത്തായ ആജ്ഞ എന്നു വിളിക്കുന്ന കല്പന കർത്താവു നല്കി. ഈ ആജ്ഞയുടെ മൂന്നു മുഴുവൻ വിവരങ്ങൾ പുതിയ നിയമത്തിൽ നൽകിയിട്ടുണ്ട്: മത്തായി 28:18-20; മർക്കൊസ് 16:15, 16; വിശ്വാസത്തിന്റെ അവസ്ഥയെയും ലൂക്കൊസ് 24:46, 47, മാനസാന്തരത്തിലും പാപമോചനത്തിനും ഊന്നൽ കൊടുത്തും മത്തായി 28:18-20 സ്നാനത്തിനും ഊന്നി പറഞ്ഞിരിക്കുന്നു. മൂന്നു വിവരങ്ങളും സൂചിപ്പിക്കുന്നതു ദൈവത്തിന്റെ കൃപയാലുള്ള രക്ഷ അഥവാ പാപമോചനം ലഭിക്കുന്നത് വിശ്വാസം, മാനസാന്തരം, സ്നാനം എന്നീ വിശ്വാസ നിബന്ധനമേൽ തന്നിരിക്കയാണ് എന്നത്രെ. മഹത്തായ ആജ്ഞയിലെ വിവരങ്ങളെ യാതൊരു സംശയത്തിനും വക നൽകാതെ മനസിലാക്കിതരുന്നു.

പത്രൊസിനോടുള്ള ചോദ്യത്തിനു ഉത്തരം നൽകുന്നതിൽ മഹത്തായ ആജ്ഞയിലെ മൂന്നു നിബന്ധനകളും കാണാം. പത്രൊസിന്റെ പ്രസംഗം അവരുടെ ഹൃദയങ്ങളിൽ വിശ്വാസം ജനിപ്പിച്ചു, ആ വിശ്വാസം അവരെ നിലവിളിക്കുവാൻ പ്രേരിപ്പിക്കയും ചെയ്തു. യെഹൂദന്മാരുടെ ചോദ്യത്തിനു പത്രൊസ് നൽകിയ മറുപടി, അതുകൊണ്ട്, മഹത്തായ ആജ്ഞയിലെ മറ്റു രണ്ടു നിബന്ധനകൾ ഉൾപ്പെടുന്നു. അവൻ പറഞ്ഞു, "നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട്, പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ; ..." (പ്രവൃത്തികൾ 2:38). പാപമോചനം പത്രൊസ് എവിടെ വെച്ചു എന്നു ശ്രദ്ധിക്കുക, സ്നാനത്തിനു മുൻപു രക്ഷ അല്ലെങ്കിൽ പാപമോചനം അവൻ വാഗ്ദാനം ചെയ്തില്ല, അതിനുശേഷമാണ് പത്രൊസ് ആത്മാവിനാൽ നയിക്കപ്പെട്ടുകൊണ്ട്, പരിശുദ്ധാത്മാവിന്റെ ഉത്തരമായിട്ടാണ് നൽകിയത്, അവന്റേതായിരുന്നില്ല.

നിലവിളിച്ചവരുടെ ചോദ്യത്തിനു നൽകിയ ഉത്തരം തെറ്റിദ്ധരിക്കാനിടയുണ്ട്. ആ ഉത്തരത്തിലെ ശക്തിയും ഫലവും പെട്ടെന്നു മാറ്റുവാൻ, ചില മതോപദേഷ്ടാക്കൾ പറയുന്നതു പ്രവൃത്തി 2:38ലെ ഇംഗ്ലീഷിൽ "ഫോർ" എന്നോ "ഇൻ ഓർഡർ ടു" എന്നോ ആണ്. പക്ഷെ ഒന്നും തന്നെ "ബിക്കാസ് ഓഫ്" എന്നതിൽ വരുന്നില്ല. പത്രൊസ് നൽകിയ ഉത്തരത്തിൽ പാപമോചനം വെച്ചിരിക്കുന്നു

സ്നാനശേഷം ആണെന്നതു വ്യക്തമാണ്. ആ ചോദ്യത്തിനു ദൈവം നൽകിയ ഉത്തരം നിലനിൽക്കേണം വിശദീകരിച്ചു മാറ്റുവാൻ അനുവദിക്കരുത്.

ആരോ പറഞ്ഞിട്ടുണ്ട് പുതിയ നിയമത്തിലെ ഓരോ വാക്യത്തിലും ഇരട്ടകളുണ്ട് എന്ന്. അതു എല്ലായ്പ്പോഴും ശരിയല്ല, എന്നാൽ അതിൽ വാസ്തവം ഉണ്ട് താനും. ചില പുതിയനിയമ വാക്യങ്ങൾക്കു ഇരട്ടയുണ്ട്, നാം ആ ഇരട്ട നോക്കുമ്പോൾ അതേ സത്യം തന്നെ മറ്റൊരു രീതിയിൽ പറയുന്നതായി കാണാം പ്രവൃത്തി 2:38-ലെ ഇരട്ട എന്താണ്? അതു പ്രവൃത്തി 22:16 ആണ്. തന്റെ ചോദ്യത്തിനു ഉത്തരം ലഭിക്കുവാൻ ശൗൽ മസ്ക്കൊസിൽ വന്നിരിക്കയാണ് "കർത്താവേ, ഞാൻ എന്തു ചെയ്യേണ്ടു?" (പ്രവൃത്തികൾ 22:10). അവൻ ഒരു വിശ്വാസിയായി തീർന്നു, കർത്താവിനെ കാണുകയും, അവനോടു സംസാരിക്കയും, ബോധ്യമാകയും ചെയ്തു. അവൻ ചോദിച്ച ചോദ്യം അവരിൽ മാറ്റമുണ്ടായതായി സൂചിപ്പിക്കുന്നു. അവൻ കർത്താവിനെ സമ്മതിച്ചതായും ചോദ്യത്തിൽ സൂചനയുണ്ട്, എന്നാൽ അവൻ ചെയ്യേണ്ടതിനു ദമസ്ക്കൊസിലേക്കു പോകുവാൻ അവനോടു പറഞ്ഞു. തന്റെ ചോദ്യത്തിനു ഉത്തരം ലഭിക്കുവാൻ അവൻ മൂന്നു ദിവസം പ്രാർത്ഥനയും മാനസാന്തരവുമായി കഴിച്ചു കൂട്ടി. ഉത്തരവുമായി അവന്റെ അടുക്കലേക്കു അനന്യാസിനെ അയച്ചു. അനന്യാസ് അവനോട് എന്തു പറഞ്ഞു? അനന്യാസ് പറഞ്ഞ ഉത്തരം നിങ്ങൾക്കു വേണമെങ്കിൽ പ്രവൃത്തി 2:38 ന്റെ ഇരട്ട എന്നു പറയാം. അവൻ പറഞ്ഞു, "ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റ് അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകി കളക എന്നു പറഞ്ഞു" സ്നാനം പാപമോചനത്തിനാണെന്നതിൽ ആർക്കെങ്കിലും സംശയം ഉണ്ടെങ്കിൽ, തീർച്ചയായും പ്രവൃത്തികൾ 22:16 അതു എന്നേക്കുമായി ദൂരീകരിക്കും.

മതപരമായ പഠനം നടത്തുന്ന കോളേജിൽ പഠിക്കുന്ന ഒരു യുവാവ് ഒരിക്കൽ തന്റെ പ്രൊഫസർ, സ്നാനം പാപമോചനത്തിനാണെന്നു വിശ്വസിക്കുന്നില്ല എന്നു ഉപദേശിക്കയായിരുന്നു ഒരു ക്ലാസിൽ ആരോ അയാളോട് ഇതു കേട്ടപ്പോൾ ചോദിച്ചു, "അതു കേട്ടപ്പോൾ നീ എന്തു ചെയ്തു?" അയാൾ പറഞ്ഞു, "ഞാൻ വീട്ടിൽ പോയി എന്റെ അമ്മയോട് എന്തു ചെയ്യണമെന്നു ചോദിച്ചു അവർ പറഞ്ഞു" ക്ലാസ് കഴിഞ്ഞ് അദ്ധ്യാപകനോട് സ്വകാര്യമായി പ്രവൃത്തികൾ 2:38 വിശദീകരിക്കാൻ ആവശ്യപ്പെടണം എന്നാണ്. ഞാൻ അങ്ങനെ ചെയ്തു. ഞാൻ

എന്റെ ബൈബിൾ തുറന്ന് പ്രവൃത്തികൾ 2:38 എടുത്ത് കൊണ്ട് അദ്ദേഹത്തിന്റ അടുക്കൽ പോയി, ബഹുമാനത്തോടെ അതു വിശദീകരിക്കാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞതു പ്രവൃത്തികൾ 2:38 വാസ്തവത്തിൽ അർത്ഥമാക്കുന്നത് പാപമോചനത്തിനു 'വേണ്ടി' എന്നല്ല, പിന്നെയോ പാപമോചനം നിമിത്തം എന്നാണ് എന്നത്രേ. അദ്ദേഹം എന്നോട് പറഞ്ഞതെല്ലാം ഞാൻ വീട്ടിൽ ചെന്ന് അമ്മയോട് പറഞ്ഞു, അപ്പോൾ അമ്മ പ്രവൃത്തികൾ 22:16 എടുത്തു ഇതു വിശദമാക്കിതരാൻ അദ്ദേഹത്തോട് പറയണം എന്നു പറയുന്നു: ഞാൻ അന്നു ക്ലാസിൽ ചോദിച്ചതിനു പ്രൊഫസർ എന്തു പറഞ്ഞുകാണുമെന്നാണ് നിങ്ങൾ കരുതുന്നത്? അദ്ദേഹം ആ വാക്യം വിശദമാക്കാതെ അതിനടുത്ത വാക്യത്തിലേക്കു ചാടിപ്പോയി." പ്രവൃത്തികൾ 22:16 വിശദമാക്കാതെ വിട്ടുകളയുവാനുള്ളതല്ല. അത് ഒന്നുകിൽ സ്വീകരിക്കണം അല്ലെങ്കിൽ തള്ളികളയണം.

ആ ചോദ്യത്തിനു പത്രൊസ് നൽകിയ മറുപടി ക്രിസ്തീയ കാലഘട്ടത്തിലുള്ള ദൈവത്തിന്റെ മറുപടിയാണ്, മനുഷ്യ ചരിത്രത്തിനുള്ള അന്തിമമായ മറുപടിയാണത്. അവൻ പറഞ്ഞു, "വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു" (പ്രവൃത്തികൾ 2:39) "നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും" എന്നതു സുവിശേഷത്തോടു പ്രതികരിക്കുന്ന യെഹൂദന്മാർക്ക് എന്നാണ് സൂചന, "ദൂരസ്ഥന്മാരായ ഏവർക്കും" എന്ന പ്രയോഗം ജാതികളും സുവിശേഷം കേട്ട്, സ്വീകരിച്ച് അനുസരിക്കുന്നതിനെയാണ് ഉദ്ദേശിക്കുന്നത്" "കർത്താവു വിളിച്ചു വരുത്തുന്ന ഏവർക്കും" എന്ന പ്രയോഗം ജാതികളും സുവിശേഷം കേട്ട്, സ്വീകരിച്ച് അനുസരിക്കുന്നതിനെയാണ് ഉദ്ദേശിക്കുന്നത്- "കർത്താവു വിളിച്ചു വരുത്തുന്ന ഏവർക്കും" എന്ന പ്രയോഗം എല്ലാ യെഹൂദന്മാരേയും ജാതികളെയും ഉൾപ്പെടുത്തിയിരിക്കയാണ്. ഭാവിയിൽ സുവിശേഷം അനുസരിച്ചു ക്രിസ്തുവിലാകുന്നവരെയാണത് ഉദ്ദേശിക്കുന്നത്. "ദൂരസ്ഥന്മാരായ" എന്ന പദപ്രയോഗത്തിൽ ജാതികൾ ഉൾപ്പെട്ടില്ലെങ്കിൽ "ഏവർക്കും" എന്നതിൽ ഉറപ്പായും ഉൾപ്പെട്ടിട്ടുണ്ട്. അതു അർത്ഥമാക്കുന്നതു ദൈവപദ്ധതി പെന്തെക്കൊസ്തു നാളിലേക്കു മാത്രമല്ല, ഭാവിയിൽ ക്രിസ്തീയ യുഗത്തിലുള്ളവർക്കു കൂടെയാണെന്ന് പത്രൊസ് പ്രഖ്യാപിക്കയാണ് "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം?" എന്ന ചോദ്യത്തിനു ദൈവിക ഉത്തരം

ആണ് അവൻ നല്കിയത്.

## അദ്ധ്യായം അഞ്ച്:
## "മനോഹരമായ പ്രതികരണം"

*മുൻപു പറഞ്ഞിട്ടില്ലാത്ത കഥക്കടുത്തതിലെ* അഞ്ചാം അദ്ധ്യായ വിഷയം "മനോഹര പ്രതികരണം" എന്നതാണ്. രക്ഷാ സന്ദേശമായ സുവിശേഷ പ്രസംഗം സ്വീകരിച്ചത് വിസ്മയാവഹ മായ പ്രതികരണത്താലായിരുന്നു എന്ന് ലൂക്കൊസ് പറയുന്നു. അവൻ പറഞ്ഞു, "പിന്നെ, അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു" (പ്രവൃത്തികൾ 2:41).

ആ പ്രഭാതത്തിൽ പത്രൊസിനു ശേഷം അപ്പൊസ്തലന്മാരും എത്ര സമയം പ്രസംഗിച്ചു എന്ന് നമുക്കറിഞ്ഞു കൂടാ. ലൂക്കൊസ് പറയുന്നു. അവൻ പറഞ്ഞു, "അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു" (പ്രവൃത്തികൾ 2:40).

ആ പ്രഭാതത്തിൽ പത്രൊസും ശേഷം അപ്പൊസ്തലന്മാരും എത്ര സമയം പ്രസംഗിച്ചു എന്ന് നമുക്കറിഞ്ഞുകൂടാ. ലൂക്കൊസ് എഴുതി, "മറ്റു പല വാക്കുകളാലും അവൻ സാക്ഷ്യം പറഞ്ഞു അവരെ പ്രബോധിപ്പിച്ചു; ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു" (പ്രവൃത്തികൾ 2:41). തെളിവുകളാലും വാദങ്ങളാലും പത്രൊസ് അവരെ സത്യം ബോധ്യപ്പെടുത്തുകമാത്രമല്ല ചെയ്തതു, സാക്ഷ്യത്താലും പ്രബോ ധനത്താലും അവൻ അവരെ സമ്മതിപ്പിച്ചു. ശ്രദ്ധിച്ചതായ പത്രൊ സിന്റെ സദസ്യർ പത്രൊസിന്റെ സന്ദേശം സ്വീകരിച്ചു അതനു സരിച്ചു പ്രവർത്തിച്ചു. ലൂക്കോസ് വിവരിച്ചു, "അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു, അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു" ആ ആളുകൾ വെറുതെ ശ്രദ്ധിക്കയായിരു ന്നില്ല, അവർ അപ്രകാരം ജീവിക്കാൻ തീരുമാനിച്ചു: വചനം കേൾക്കുക മാത്രം ചെയ്യുന്ന ആളുകൾക്ക് അവസാനം ദു:ഖ പര്യ വസാനമായിരിക്കും ചുരുങ്ങിയത്, വലിയ പുരുഷാരത്തിൽ കുറെ പേർ, പത്രൊസ് പ്രസംഗിച്ചതു കേട്ട് സത്യം സന്ദേശത്തിൽ നിന്നു ഉൾക്കൊള്ളുക മാത്രമായിരുന്നില്ല, എന്നാൽ തങ്ങളുടെ മനസു കൾ ആ സന്ദേശ പ്രകാരം ജീവിക്കുവാനായി മാറ്റി, സന്ദേശം

അവരെ ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യിച്ചു.

മൂവായിരത്തോളം പേർ, സന്തോഷത്തോടെ വചനം കൈക്കൊണ്ടു സ്നാനം ഏറ്റു. പരിവർത്തനത്തിനു മുൻപ്, ഒരാൾ രക്ഷാവചനം സന്തോഷത്തോടെ കൈക്കൊള്ളേണം. ഇന്ന് അനേകം പേർ ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യാതിരിക്കാനുള്ള മുഖ്യകാരണങ്ങളിൽ ഒന്ന് അവർ വചനം സന്തോഷത്തോടെ കൈക്കൊള്ളുന്നില്ല എന്നതാണ്. വചനം സന്തോഷത്തോടെ കൈക്കൊണ്ടാൽ വചനം അതിന്റെ പ്രവൃത്തി ചെയ്യും.

## അദ്ധ്യായം ആറ്:
## "വാഗ്ദാന ശരീരം"

ഈ പുസ്തകത്തിലെ ആറാം അദ്ധ്യായ വിഷയം "വാഗ്ദാന ശരീരം" എന്നതാണ്. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റ മൂവായിരത്തോളം പേരെ ലൂക്കൊസ് സഭയായി ചിത്രീകരിച്ചിരിക്കുന്നു.

ഒരു പ്രത്യേകരാജ്യം വരുമെന്ന് പ്രവാചകന്മാർ മുന്നറിയിച്ചിരുന്നു (ദാനിയേൽ 2:44). മശിഹക്കു വഴി ഒരുക്കുവാൻ വന്ന യോഹന്നാൻ സ്നാപകൻ പ്രഖ്യാപിച്ചത്, രാജ്യം അസന്നമായിരിക്കുന്നു എന്നാണ് (മത്തായി 3:1, 2). തന്റെ ശുശ്രൂഷാ വേളയിൽ, ക്രിസ്തു, ദൈവത്തിൽ നിന്നയച്ച മശിഹ, ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞു (മത്തായി 4:17). മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു ക്രിസ്തു, തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപു നാൽപതു നാളോളം അപ്പൊസതലന്മാരോടും മറ്റു ശിഷ്യന്മാരോടും വരുവാനുള്ള രാജ്യത്തെക്കുറിച്ചു സംസാരിച്ചു (പ്രവൃത്തികൾ 1:3). അപ്പൊസ്തലന്മാരോടുള്ള അവന്റെ അവസാനവാക്കുകളിൽ, ക്രിസ്തു പിതാവിൽ നിന്നുള്ള വാഗ്ദാനത്തിനായി യെരുശലേമിൽ കാത്തിരിക്കാൻ പറഞ്ഞു (പ്രവൃത്തികൾ 1:4). അവന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പത്തു ദിവസങ്ങൾ കഴിഞ്ഞ്, ഒരു ഞായറാഴ്ച്ച പ്രഭാതത്തിൽ, ആ നീണ്ട കാത്തിരിപ്പിൻ-സമയം വന്നു. പരിശുദ്ധാത്മാവിനെ പകർന്നുകൊണ്ട് (പ്രവൃത്തികൾ 2:1-4), ക്രിസ്തുവിന്റെ ഉയിർപ്പിനുശേഷമുള്ള ആദ്യ സുവിശേഷ പ്രസംഗവും (പ്രവൃത്തികൾ 2:14-36), മൂവായിരം പേർ സുവിശേഷത്തോടു പ്രതികരിക്കയും സഭ സ്ഥാപിതമാകയും ചെയ്തു. സുവിശേഷം അനുസരിച്ചവർ ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടുകയും സഭ സ്ഥാപിതമാകയും ചെയ്തു: അന്നു മുതൽ ഇന്നു വരെ ആരായാലും സുവിശേഷം സന്തോ

ഷത്തോടെ അനുസരിച്ചു വിശ്വാസത്താലും, മാനസാന്തരത്താലും, യേശുവിനെ ദൈവപുത്രനെന്നു ഏറ്റു പറഞ്ഞു പാപമോചന ത്തിനു സ്നാനമേൽക്കയും ചെയ്യുന്നവരെ കർത്താവു സഭയോട് ചേർത്തു കൊണ്ടിരിക്കുന്നു (പ്രവൃത്തികൾ 2:47) - ഈ ആദ്യ ജാതന്മാർ, ആദ്യം ആ മൂവായിരം പേർ പെന്തെക്കൊസ്തു നാളിൽ ക്രിസ്തുവിനോടു ചേർന്നു.

പ്രവൃത്തികളുടെ പുസ്തകത്തിൽ പെന്തെക്കൊസ്തിനു ശേഷം സഭ, വർത്തമാനകാലത്തിൽ ഉള്ളതായിട്ടാണ് പറയുന്നത്. അതു പിന്നെ വാഗ്ദാനമോ പ്രവചനമോ ആയി പറയുന്നില്ല. പ്രവൃത്തി 2ന്റെ അവസാനം ലൂക്കൊസ് പറഞ്ഞു, "... കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു" (പ്രവൃത്തികൾ 2:47). പത്രൊസിന്റെ രണ്ടാമത്തെ പ്രസംഗത്തിന്റെ അവസാന ഭാഗം ലൂക്കൊസ് പ്രവൃത്തിയിൽ രേഖപ്പെടുത്തിയിരി ക്കുന്നത്, "എന്നാൽ വചനം കേട്ട പലരും വിശ്വസിച്ചു; പുരുഷന്മാ രുടെ എണ്ണം തന്നേ അയ്യായിരത്തോളം ആയി" (പ്രവൃത്തികൾ 4:4). അനന്യാസും സഫീരയും മരിച്ചശേഷം (പ്രവൃത്തികൾ 5:1-10), ലൂക്കൊസ് എഴുതി, "സർവ്വ സഭെക്കും ഇതു കേട്ടവർക്കു എല്ലാ വർക്കും മഹാഭയം ഉണ്ടായി" (പ്രവൃത്തികൾ 5:11). ഉപദ്രവം ഏറി സ്തെഫാനൊസിനെ കല്ലെറിയുവോളം ഉയർന്നു (പ്രവൃത്തികൾ 6:8-7:60), ലൂക്കൊസ് പറഞ്ഞു, "... അന്നു യെരുശലേമിലെ സഭെക്കു ഒരു വലിയ ഉപദ്രവം നേരിട്ടു; അപ്പൊസ്തലന്മാർ ഒഴികെ എല്ലാ വരും യെഹൂദ്യ, ശമര്യ ദേശങ്ങളിൽ ചിതറിപ്പോയി" (പ്രവൃത്തികൾ 8:1) ലൂക്കൊസ് വിവരിക്കുന്നതനുസരിച്ചു, പിന്നെ, സഭ, പ്രത്യേക രാജ്യം, വന്നു കഴിഞ്ഞു.

വലിയ സുവിശേഷ പ്രാസംഗികന്റെ, അടുക്കൽ ഒരാൾ വന്ന്, അദ്ദേഹത്തിന്റെ ഹൃദയത്തിൽ തൊട്ടുകൊണ്ട്, പറഞ്ഞു, "ബ്രദർ കീബിൾ, ഇവിടെയാണ്, തോന്നേണ്ടത് എന്നു പറഞ്ഞു." ബ്രദർ കീബിളിനു വിസ്മയാവഹമായ രീതിയിൽ മറുപടി പറയാനുള്ള കഴിവുണ്ട്. അദ്ദേഹം തന്റെ ബൈബിളിലേക്കു വിരൽ ചൂണ്ടി പറ ഞ്ഞു, "എനിക്ക് ഇതു വായിക്കുവാനാണ്, ഇവിടെ ഇതിൽ പറയു ന്നതു വായിക്കുവാനാണിഷ്ടം എന്നു പറഞ്ഞു. തീർച്ചയായും തോന്നലുകൾക്കു പ്രധാന്യമുണ്ട്. എന്നാൽ തോന്നലുകൾ നമ്മെ നയിക്കാൻ അനുവദിക്കരുത്. ബൈബിൾ മാത്രം, ദൈവവചനം മാത്രം നമ്മെ നയിക്കണം. നമ്മുടെ തോന്നലുകൾ, ആത്മാർത്ഥ മായി പ്രതികരിച്ച് അവന്റെ വചനം അനുസരിച്ചാൽ, പുതിയ നിയ മത്തിൽ പറഞ്ഞ ശരിയായ സന്തോഷം നമുക്കു കിട്ടും.

## ഉപസംഹാരം

*മുൻപു പറഞ്ഞിട്ടില്ലാത്ത കഥക്കടുത്തത്* എന്ന പുസ്തകം നാം അവസാനിപ്പിക്കയും നാം വായിച്ചതിനെക്കുറിച്ചു ചിന്തിക്കയും ചെയ്യാം. ടെലിവിഷനിൽ ആയ എന്തിനേക്കാളും ഉയർന്ന പ്രാധാന്യമുള്ളതാണെന്ന് ചിന്തിച്ചാൽ ഗ്രഹിക്കാം. നാം കർട്ടൻ നീക്കി അക്ഷരികമായി പുറകോട്ട് പോയാൽ ദൈവശ്വാസിയമായ പ്രവൃത്തികളുടെ പുസ്തകത്തിൽ കൂടെ കടന്നുപോയാൽ, ചരിത്രപരവും ദൂരവ്യാപകവുമായ സംഭവങ്ങൾ കാണാം. യേശുവിന്റെ ജീവിതം, മരണം, ഉയിർത്തെഴുന്നേൽപ്പ് എന്നിവക്കു ശേഷം ലോക ചരിത്രത്തിൽ തന്നെ അതു ദൃശ്യമാണ്. വാസ്തവത്തിലുള്ള സഭയുടെ തുടക്കം നാം കണ്ടു, അതിന്റെ പ്രത്യേകത, ദീർഘ-കാത്തിരിപ്പിനു ശേഷം ദൈവരാജ്യം വന്നു. അതിന്റെ തുടക്കത്തോടെ, മനുഷ്യ ചരിത്രത്തിലെ അവസാന കാലമാകുന്ന, ക്രിസ്തീയ കാലം അഥവാ "അന്ത്യകാലവും" നാം കണ്ടു.

ഈ പുസ്തകത്തിനു ശേഷം നാം വായിച്ച മറ്റൊരു പുസ്തകം വരുന്നു. നമുക്ക് അതിനെ *മുൻപു പറഞ്ഞിട്ടില്ലാത്ത കഥയുടെ മൂന്നാം ഭാഗം* എന്ന് അതിനെ വിളിക്കാം. അതു നിങ്ങൾ ക്രിസ്തുവിനോട് പരിവർത്തനം ചെയ്ത കഥയാവും, ക്രിസ്തു പണിത സഭയുടെ ഭാഗമായി നിങ്ങൾ തീർന്ന സംഭവം. സംഭവം, തീർച്ചയായും, നമുക്ക് ഓരോരുത്തർക്കും വ്യത്യസ്തമാകും. നമ്മിൽ പലർക്കും ആ സംഭവം എഴുതാൻ കഴിയും, എന്നാൽ പുറത്തുള്ള മറ്റുള്ളവർക്കു അതെഴുതാൻ പ്രയാസമാണ്. കാരണം അവർക്കത് സംഭവിച്ചിട്ടില്ല. നിങ്ങൾക്ക് അത് എങ്ങനെയാണ്? സംഭവിച്ചിട്ടുണ്ടോ? നിങ്ങൾ ഒരു പുതിയ നിയമ ക്രിസ്ത്യാനി ആയിട്ടുണ്ടോ?

നിങ്ങൾ ഒരു പുതിയ നിയമക്രിസ്ത്യാനി ആയിട്ടില്ലെങ്കിൽ, ഇപ്പോൾ അതെങ്ങനെ ആവാമെന്ന് നിങ്ങൾ അറിഞ്ഞുവല്ലോ. ദൈവ വചനം സന്തോഷത്തോടെ കൈക്കൊണ്ട് അനുസരിക്കുക നിങ്ങൾക്കു വീണ്ടും ജനിച്ചു ദൈവ രാജ്യത്തിൽ പ്രവേശിക്കാം. അതായതു പ്രവൃത്തികൾ 2-ൽ നാം കണ്ട സ്വർഗ്ഗരാജ്യം.

## പഠനചോദ്യങ്ങൾ

(*അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ*)

1. മുൻപു പറഞ്ഞിട്ടില്ലാത്ത കഥക്കടുത്ത് സഭയുടെ സ്ഥാപനമാണെന്ന് ഏതർത്ഥത്തിൽ നമുക്കു പറയാം?

2. പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർക്കു മാത്രമാണ് പരിശുദ്ധാത്മാവു കൊണ്ട് സ്നാനം ലഭിച്ചത് എന്നതിനു എന്തു തെളിവാണുള്ളത്?
3. അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവു കൊണ്ടു സ്നാനമേറ്റു എന്നതിന്റ ദൈവിക തെളിവുകൾ എന്തെല്ലാം?
4. അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിനാൽ സ്നാനമേറ്റതിൽ നമുക്ക് എന്താണ് പ്രയോജനം?
5. പത്രൊസ് പ്രസംഗത്തിൽ ക്രിസ്തുവിന്റെ ദൈവികത്വത്തിന് നല്കിയ തെളിവു ചർച്ച ചെയ്യുക?
6. ദൈവത്തിന്റെ വീണ്ടെടുപ്പു പദ്ധതിയിൽ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ പ്രാധാന്യം എന്ത്? അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റില്ലായിരുന്നെങ്കിൽ ക്രിസ്തു ദൈവപുത്രനെന്ന് നമുക്കു വിചാരിക്കാൻ കഴിയുമായിരുന്നോ?
7. പാപത്തിൽ ആയിരിക്കുന്നതിനേക്കാൾ വലിയ ദു:ഖപര്യവസായി മറ്റെന്തെങ്കിലുമുണ്ടോ?
8. മഹത്തായ ആജ്ഞയിലെ വ്യത്യാസം മൂന്നു സുവിശേഷ വിവരണങ്ങളിലും ഊന്നൽ കൊടുത്തിരിക്കുന്നത് വിവരിക്കുക (മത്തായി 28:18-20; മർക്കൊസ് 16:15, 16; ലൂക്കൊസ് 24:46, 47).
9. പ്രവൃത്തികൾ 22:16 എങ്ങനെ പ്രവൃത്തികൾ 2:38നെ പിന്താങ്ങുന്നു എന്നു വിവരിക്കുക.

## വാക്ക് സഹായങ്ങൾ

**പരിവർത്തനം** – ഒരാളുടെ ഹൃദയത്തെ മാറ്റി ക്രിസ്ത്യാനിയാകുന്ന പ്രവൃത്തി.

**അത്ഭുതകാലം** – അപ്പൊസ്തലന്മാരുടെയും അവരുടെ കൈവെപ്പ് ലഭിച്ചവരുടേയും അത്ഭുതം ചെയ്യുവാനുള്ള കാലം. ഇതു സഭയുടെ ശൈശവകാലം. ദൈവം പ്രാർത്ഥനക്കു ഇന്നു മറുപടി തരും. എന്നാൽ അവസാന അപ്പൊസ്തലനും മരിച്ചതോടെ അത്ഭുതങ്ങൾ നിന്നു. (എഫെസ്യർ 4:11-13; 1 കൊരിന്ത്യർ 13:8-10).

**നിക്കോദെമോസ്** – യേശുവിന്റെ അടുക്കൽ രാത്രിയിൽ വന്ന ഉപദേഷ്ടാവ്. ദൈവരാജ്യത്തിൽ എങ്ങനെ പ്രവേശിക്കണം എന്ന് യേശു അവനെ പഠിപ്പിച്ചു (യോഹന്നാൻ 3).

**വെളിപ്പാട്** – വെളിപ്പെടുത്തിയ സത്യങ്ങൾ അഥവാ പരിശുദ്ധാത്മാവിനാൽ മനുഷ്യർക്കു ദൈവം വെളിപ്പെടുത്തിയ ബൈബിൾ.